# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.31 | 08.08.2017- ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി നടപ്പാക്കിയ ശേഷമുള്ള വില വർദ്ധന

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.പി.കെ. ശശി<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി നടപ്പാക്കുന്നതോടെ ചരക്കുകൾക്ക് ശരാശരി എട്ട് ശതമാനത്തോളം വിലക്കുറവുണ്ടാകുമെന്ന് കേന്ദ്ര നികുതി ചീഫ് കമ്മീഷണർ വ്യക്തമാക്കിയിട്ടും സംസ്ഥാനത്ത് എല്ലാ ഉല്പന്നങ്ങൾക്കും തന്നെ വില വർദ്ധിക്കാനിടയായ സാഹചര്യം വിലയിരുത്തിയിരുന്നോ;<br>വിശദാംശം നൽകുമോ; | (എ) | ജി.എസ്.ടി നടപ്പാക്കിയിട്ടുള്ള എല്ലാ രാജ്യങ്ങളിലും വിലക്കയറ്റം പ്രകടമായിട്ടുണ്ട്. വിവിധ നികുതികൾ ചേരുന്ന ആകെ നികുതി ഭാരം ചരക്കുസേവന നികുതി സമ്പ്രദായത്തിൽ കുറയുമെങ്കിലും ഇത്തരത്തിൽ കുറവു വരുന്ന നികുതിയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള വൻകിട കമ്പനികളുടെയും വിതരണക്കാരുടെയും ത്വരയാണ് ഇത്തരത്തിലുള്ള വിലക്കയറ്റത്തിന് കാരണമാകുന്നത്. ഈ വസ്തുത കേരളം ജി.എസ്.ടി കൗൺസിലിൽ ആവർത്തിച്ച് ചൂണ്ടിക്കാണിക്കുകയും ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിക്കു വേണ്ടി ഉറച്ച നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നികുതി നിരക്കുകൾ നിർണ്ണയിക്കുന്ന ഘട്ടത്തിൽ കൗൺസിലിൽ കേരളം ചൂണ്ടിക്കാണിച്ച ഈ ആശങ്ക യാഥാർത്ഥ്യമാകുന്നതാണ് നാം കാണുന്നത്. ഓരോ ചരക്കിന്റെയും നിലവിലുള്ള നികുതിഭാരവും ജി.എസ്.ടി വരുമ്പോഴുണ്ടാകുന്ന കുറവും കണക്കാക്കി അത് പ്രസിദ്ധപ്പെടുത്തണമെന്നും ഓരോ ചരക്കിന്റെയും ടാക്സ് ഇൻസിഡൻസ് കാണിക്കുന്ന മാട്രിക്സ് സംസ്ഥാനങ്ങൾക്ക് കൈമാറണമെന്നും ജി.എസ്.ടി കൗൺസിലിൽ കേരളം |

| | | | |
|---|---|---|---|
| | | | നിരന്തരം ആവശ്യപ്പെട്ടുപോന്നതാണ്. ഇത് ലഭിക്കാതിരുന്നിട്ടും 100 ഉൽപന്നങ്ങളുടെ നികുതിയിൽ ഉണ്ടാകുന്ന കുറവ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.<br><br>കേന്ദ്രതലത്തിൽ ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിയും സംസ്ഥാനതലത്തിലെ സമിതികളും യഥാസമയം രൂപീകരിക്കണമെന്നും സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചു. ജി.എസ്.ടി നടപ്പാക്കിയതിലൂടെ വളരെയധികം ചരക്കുകളുടെ നികുതി നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും നികുതിക്കുറവിന്റെ ആനുകൂല്യം ലഭിച്ച പല ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ പ്രോഡക്ട്സും വില കുറയ്ക്കാതെ അമിതലാഭം കൈയടക്കുന്ന പ്രവണത വിപണിയിൽ ദൃശ്യമാണ്. 2017 ജൂൺ 30 ന് വിൽപ്പനക്കാരുടെ കൈയിൽ സ്റ്റോക്ക് ഉണ്ടായിരുന്ന ചരക്കുകൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കിട്ടുന്നതു സംബന്ധിച്ച ആശയക്കുഴപ്പവും വിപണിയിൽ പ്രതിഫലിച്ചു.<br><br>സംസ്ഥാനത്തിനകത്തും ഇതിന്റെ അനുകരണനങ്ങൾ ഉണ്ടായിട്ടുണ്ട്. നികുതി പൂർണ്ണമായും ഇല്ലാതാകുന്ന കോഴിക്ക് വില കയറുന്ന സ്ഥിതിവന്നു. വൻകിട കോഴി ഏജന്റുമാർ കാർട്ടൽ പോലെ പ്രവർത്തിച്ച് നികുതിയിൽ ഉണ്ടായ ഇളവ് ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള നീക്കത്തിന്റെ ഫലമായിരുന്നു ഇത്. ഇതിനെതിരെ സംസ്ഥാന സർക്കാർ ഉറച്ച നിലപാട് സ്വീകരിച്ചു. അനിയന്ത്രിതമായി വില കയറുന്നതിനുള്ള പ്രവണതയെ ഒരു പരിധി വരെ കടിഞ്ഞാൺ ഇടാൻ ഇതു മൂലം കഴിഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നികുതി നിരക്കിൽ വന്ന ഇളവുകൾ ഉടനടി തന്നെ പ്രാബല്യത്തിൽ വരുത്തുകയും കോർപ്പറേഷൻ വഴി വിൽക്കുന്ന ചരക്കുകൾക്ക് വിലക്കുറവ് പ്രഖ്യാപിക്കുകയും ചെയ്തു. ജി.എസ്.ടി യുടെ പ്രാരംഭഘട്ടത്തിൽ ചില അവ്യക്തതകൾ വ്യാപാരി സമൂഹത്തിന് ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ഈ പരാതികൾ പരിഹരി |

| | | | |
|---|---|---|---|
| | | | ക്കുന്നതിനായി വ്യാപാരി വ്യവസായികളുടെ സംഘടനകളെ വിളിക്കുകയും ജി.എസ്.ടി. യിലൂടെ ലഭിക്കുന്ന നികുതി നിരക്കിന്റെ കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്നോ ആവശ്യപ്പെടുകയും ചെയ്തു.<br><br>സംസ്ഥാനത്തിന് പുറത്തു നിന്നും വാങ്ങുന്ന ചരക്കുകൾക്കും സേവനങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണ്. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ നികുതി നിരക്കിൽ വന്നിട്ടുള്ള കുറവും ഇൻപുട്ട് ടാക്സിന്റെ പ്രയോജനവും കണക്കിലെടുത്ത് അവശ്യവസ്തുക്കൾക്ക് വിലക്കുറവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് നിരീക്ഷിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതാണ്. ജി.എസ്.ടി.യുടെ മറവിലുള്ള വിലക്കയറ്റം നിയന്ത്രിക്കാനുള്ള ശക്തമായ നടപടികൾ കേന്ദ്ര സർക്കാരും സ്വീകരിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെടുകയാണ്. |
| (ബി) | രാജ്യത്ത് ആകെ ഒരു ലക്ഷത്തോളം കോടി രൂപയുടെ ഇളവ് വിവിധ നികുതിയിനത്തിലും ഡ്യൂട്ടിയിനത്തിലും ഉണ്ടായിട്ടും ഇതിന്റെ ആനുകൂല്യം നികുതിദായകരായ ഉപഭോക്താക്കൾക്ക് ലഭിക്കാതിരിക്കുകയും അധിക വില നൽകേണ്ടിവരികയും ചെയ്യുന്നത് അവസാനിപ്പിക്കാനായി കേന്ദ്ര സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) & (സി) | ജി.എസ്.ടി നിയമത്തിൽ (171) വകുപ്പ് പ്രകാരം ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റി രൂപീകരിക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. വിതരണം ചെയ്യപ്പെടുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്കിലെ കുറവും വ്യാപാരികൾക്ക് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുപാതിക ആനുകൂല്യവും ഉപഭോക്താവിന് വിലക്കുറവിലൂടെ ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കുകയാണ് അതോറിറ്റിയുടെ ലക്ഷ്യം. ഒരു ചെയർമാനും നാല് ടെക്നിക്കൽ അംഗങ്ങളും ചേർന്നതാണ് അതോറിറ്റി. ഇതിനുപുറമേ ആന്റി പ്രോഫിറ്ററി പരിശോധിക്കാനുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയും സംസ്ഥാനതലത്തിൽ സ്ക്രീനിംഗ് കമ്മിറ്റികളും ഉണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ലഭിക്കുന്ന പരാതികൾ പരിശോധിച്ച് നികുതി കുറവിന്റെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുകൂല്യം ഉപഭോക്താവിന് കൈമാറിയില്ലെങ്കിൽ നടപടികൾ സ്വീകരിക്കാൻ അതോറിറ്റിക്ക് |
| (സി) | അമിതവിലയീടാക്കുന്നതിനെതിരെ നടപടിയെടുക്കുന്നതിന് ജി.എസ്.ടി. നിയമത്തിൽ വ്യവസ്ഥയുണ്ടോയെന്നും എങ്കിൽ ഇതാരാണ് നടപ്പിലാക്കേണ്ടതെന്നും വിശദമാക്കാമോ; ഈ സംവിധാനം കാര്യക്ഷമമായി നടപ്പാക്കാൻ കേന്ദ്ര സർക്കാരിനോട് | | |

| | | | |
|---|---|---|---|
| | ആവശ്യപ്പെടുമോ? | | റിപ്പോർട്ട് നൽകാവുന്നതാണ്. സംസ്ഥാന തലത്തിൽ സ്ക്രീനിംഗ് കമ്മിറ്റികൾ പരിശോധിച്ച് ശുപാർശകൾ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകുന്നതാണ്. സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നികുതി കുറവിന്റെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറിയില്ലെങ്കിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.<br><br>1. വിലയിൽ കുറവു വരുത്താൻ ഉത്തരവ് നൽകാം.<br><br>2. ഉപഭോക്താവിന് കൈമാറ്റം ചെയ്യപ്പെടാത്ത ആനുകൂല്യങ്ങൾ 18 ശതമാനം പലിശ നിരക്കിൽ ഉപഭോക്താവിന് നൽകുവാനുള്ള ഉത്തരവുകൾ നൽകാം. ഇതിനു പുറമേ പിഴയും ജി.എസ്.ടി രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുമുള്ള ഉത്തരവ് നൽകാം. അതോറിറ്റിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**